# Desabhimani
# 21 July 2018
# Payyanur; One Acre for Reconstation of Kerala,

# അളക്കാനാകില്ല, സ്വാഹയുടെ നന്മ

**കേരളത്തിന്റെ പുനർനിർമാണത്തിന് ഒരേക്കർ നൽകാൻ സന്നദ്ധതയറിയിച്ച് സ്വാഹ സ്കൂൾ അസംബ്ലിയിൽ പ്രിൻസിപ്പലിന് കത്ത് നൽകി**

**പയ്യന്നൂർ**

കാങ്കോൽ വൈപ്പിരിയത്തെ ഈ മണ്ണിനെ അതിരുതിരിച്ച് അളന്നെടുക്കാം. എന്നാൽ, മാവിച്ചേരി സ്വർഗം വീട്ടിലെ പതിനൊന്നാം ക്ലാസുകാരി സ്വാഹയുടെ മനസ്സിന്റെ നന്മ അളക്കാനാവില്ല. പ്രളയത്തിൽ മുങ്ങിയ കേരളത്തിന്റെ പുനർനിർമാണത്തിന് അരക്കോടി രൂപ വിലമതിക്കുന്ന ഒരേക്കർ ഭൂമിയാണ് സ്വാഹ സംഭാവനചെയ്തത്. ഭൂമിദാനത്തിന് സന്നദ്ധത പ്രകടിപ്പിച്ച് സ്കൂൾ അസംബ്ലിയിൽ പ്രിൻസിപ്പലിന് സ്വാഹ കത്ത് നൽകി. നിമിഷങ്ങൾക്കകം ഇത് സമൂഹമാധ്യമങ്ങളിൽ തരംഗമായി.

'സർ, അണ്ണാൻ കുഞ്ഞും തന്നാലായത് എന്നല്ലേ? നാടിന്റെ ഇന്നത്തെ അവസ്ഥയിൽ ഈ സ്കൂളിലെ വിദ്യാർഥികളായ ഞാനും എന്റെ അനുജൻ ബ്രഹ്മയും കൂടി നമ്മുടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊച്ചു സംഭാവന നൽകാൻ ആഗ്രഹിക്കുന്നു. കൃഷിക്കാരനായ അച്ഛൻ ഞങ്ങളുടെ നാളേക്കുവേണ്ടി കരുതിവച്ച ഭൂമിയിൽനിന്ന് ഒരു ഏക്കർ സംഭാവന നൽകാൻ നിശ്ചയിച്ചു. അച്ഛന്റെ അനുവാദവും വാങ്ങി. ഇനി ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?'- കണ്ടങ്കാളി ഷേണായിസ് സ്മാരക ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥി സ്വാഹ കത്തിൽ പറഞ്ഞു.

പ്രളയഭൂമിയിലെ കൂട്ടുകാർക്ക് സ്കൂളിൽനിന്ന് 5000 പുസ്തകങ്ങൾ സംഭാവന നൽകുന്ന പരിപാടിക്കിടെയാണ് സ്വാഹ കത്ത് കൈമാറിയത്. പ്ലസ് വൺ ഹ്യുമാനിറ്റീസ് വിദ്യാർഥിനിയായ സ്വാഹ പത്തിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടി.



സ്വാഹ അച്ഛനും സഹോദരനുമൊപ്പം

കേരളത്തെ പ്രതിനിധീകരിച്ച് ഒമ്പത് തവണ ദേശീയ ചെസ് ചാമ്പ്യൻഷിപ്പിൽ മത്സരിച്ചിരുന്നു. സഹോദരൻ ബ്രഹ്മ ഒമ്പതാം ക്ലാസ് വിദ്യാർഥി.

മാവിച്ചേരിയിലെ ശങ്കരന്റെയും വിധുബാലയുടെയും മക്കളാണ് നന്മയുടെ പര്യായമാകുന്നത്.

സ്വാഹ നൽകിയ ഭൂമിയുടെ രേഖകൾ പരിശോധിച്ചശേഷം തുടർനടപടി സ്വീകരിക്കുമെന്ന് കലക്ടർ മിർ മുഹമ്മദലി പറഞ്ഞു.